[vinuxavier]™

തറയാവരുതേ എന്ന പ്രാർത്ഥനയോടെ..! www.vinuxavier.com

# റിപ്പറിജു

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറുകളുടെ അവസാന കാലഘട്ടം.. ബോംബെയിലെ ധാരാവി എന്ന ചേരിയിൽ ആയിടയ്ക്കാണ് ഒരു പ്രത്യേകരീതിയിൽ ഉള്ള കൊലപാതകങ്ങൾ നടക്കുന്നതായി അധികൃതരുടെ ശ്രദ്ധയിൽ പെട്ടത്..ചേരികളിലും പരിസരങ്ങളിലുമായുള്ള കടത്തിണ്ണയിലും മററും കിടന്നുറങ്ങിയവരുടെ തല നെടുകെപിളർന്നു തലച്ചോറ് വെളിയിൽ വന്ന നിലയിൽ ഉള്ള ശവശരീരങ്ങൾ കണികണ്ടാണ് അന്നാട്ടിലെ പ്രദേശവാസികൾ ഉണർന്നിരുന്നത്.. പോസ്റ്റ്മോർട്ടം റിപ്പോർട്ടുകളിൽ ചുററിക പോലെ എന്തോതരത്തിൽ ഉള്ള ആയുധത്തിന്റെ മാരകമായ പ്രഹരം ആണ് മരണകാരണം എന്ന് വെളിപ്പെട്ടു. ചോരയുടെ മണമുള്ള ഇത്തരം വാർത്തകൾ പത്രങ്ങളിൽ ഒരു സ്ഥിരം കാഴ്ചയായി..മാധ്യമങ്ങൾ ആ അജ്ഞാതകൊലയാളിയെ "റിപ്പർ" എന്ന് വിളിച്ചു. ആയിരത്തിഎണ്ണൂറുകളില് ഇംഗ്ലണ്ടിനെ വിറപ്പിച്ച "ജാക്ക് ദി റിപ്പർ" എന്നാ സീരിയൽ കൊലയാളിയുടെ അതെ കൊലപാതകരീതി ഇവിടെയും ആവർത്തിക്കപ്പെട്ടിരുന്നതുകൊണ്ട്.!

*2005* ആഗസ്റ്റ് മാസം..എറണാകുളം ജില്ലയിൽ ആദ്യത്തെ റിപ്പർ മോഡൽ കൊലപാതകം റിപ്പോർട്ട് ചെയ്യപ്പെട്ടു. ബ്രോഡ്-വേയിൽ വഴിയരികിൽ ഉറങ്ങിക്കിടക്കുന്ന ഭിക്ഷാടകർ രാത്രികളിൽ കൊല്ലപ്പെടുന്നു.. ബോംബെയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നതിൽ നിന്ന് വ്യത്യസ്തമായി ഇവിടെ മുപ്പതു-മുപ്പത്തഞ്ചു കിലോ ഭാരമുള്ള കരിങ്കല്ലുകൾ ആണ് കൊലപാതകത്തിന് വേണ്ടി ഉപയോഗിച്ചിരുന്നത്.. കൊലപാതകി പോലീസ് വലയിൽ അകപ്പെടാതെ അദൃശ്യനായി തന്നെ തുടർന്നുവന്നു..

റിപ്പർ എന്ന വാക്ക് ഓർത്തിരിക്കാനുള്ള എളുപ്പംമൂലമാണോ എന്നറിയില്ല,എറണാകുള ജില്ലയിൽ സംഭവം അങ്ങ് ഹിററ് ആയി! അപ്പൊ പിന്നെ വരാപ്പുഴക്കാരുടെ കാര്യം പറയാനും ഇല്ല.! എന്തിനും എവിടെയും ഹിററ് ആകണമേ എന്ന പ്രാർത്ഥനയോടെ നടക്കുന്ന വരാപ്പുഴക്കാർക്ക് റിപ്പറിനെ വല്ലാതെയങ്ങ് ബോധിച്ചു! എറണാകുളം ജില്ലയിൽ ഇനിയൊരു റിപ്പർ ആക്രമണം ഉണ്ടാകുവാണേൽ അത് വരാപ്പുഴയിൽ ആയിരിക്കണമേ എന്ന് ഓരോ വരാപ്പുഴക്കാരനും ഉള്ളിന്റെ ഉള്ളിൽ ആഗ്രഹിച്ചു! ആയിടയ്ക്ക് വരാപ്പുഴക്കാർ പത്രംവന്നാൽ ആദ്യം തന്നെ നോക്കുന്നത് റിപ്പർ വല്ലതും ചെയ്തിട്ടുണ്ടോ എന്നാണ്.. ചായക്കടയിലും പീടിക തിണ്ണയിലും ഒരു പണിക്കുംപോകാതെ വീഡിയും വലിച്ചിരിക്കുന്ന ഗ്രൂപ്പിൽ നിന്ന് "ശേ!ഒന്നും നടക്കണ ലക്ഷണമില്ല.." "ഇയാക്കൊക്കെ വേറെ എന്തുവാ പണി?" എന്നിങ്ങനെയുള്ള കമന്റ്സ് കേട്ടാൽ ഊഹിക്കാം അത് റിപ്പറിനെ കുറിച്ചാണ്.

ജിജു-പരപ്പിലെ വൺ ഓഫ് ദി കുരിപ്പ്!പുഞ്ചെക്കുഴി ജങ്ങ്ഷനിൽ പെട്ടിക്കട നടത്തുന്ന അന്തപ്പൻചേട്ടന്റെ ഏകപ്രൊഡക്ഷൻ.. പുത്തൻപള്ളി ഉസ്കൂളിൽ ഞാനൊക്കെ പഠിച്ചിറങ്ങുന്ന സമയത്ത് ഇവനൊക്കെ മൂന്നിലോ നാലിലോ ഒക്കെ ഉണ്ടായിരുന്നതാണ്..അന്തപ്പൻചേട്ടന്റെ സീ-ക്ലാസ് പെട്ടിക്കടയാണ് ആ കുടുംബത്തിന്റെ ഏക വരുമാന മാർഗം. ജിജു എന്ന് പറയുന്നവനാണെങ്കി രണ്ടുമൂന്നുകൊല്ലം പഠിച്ചതുതന്നെ വീണ്ടും മനസ്സിരുത്തി പഠിച്ച് പഠിച്ച് പത്തുപതിമൂന്നു കൊല്ലം എടുത്ത് ഇപ്പൊ പത്താം ക്ലാസിലും ആയി.. തിന്നുന്ന തീററ കണ്ടിട്ട്,പത്തു കഴിഞ്ഞാ അവനെ കൽപണിക്ക് വിടും എന്ന് അന്തപ്പൻ ചേട്ടനും അന്നംകുട്ടി ചേടത്തിയും ഉറക്കെ പ്രഖ്യാപിച്ചു!ഇതറിഞ്ഞതിൽ പിന്നെ ഇവന്റെ പുസ്തകോം മുമ്പിൽ വെച്ച് കാറിപ്പോളിച്ചുള്ള വായന കാണുമ്പോ അന്തപ്പൻ ചേട്ടൻ മാനസികമായി തകരും!എങ്ങാനും ഇവന്

വല്ല റാങ്കും കിട്ടിപോയാ കുടുംബം വീണ്ടും കൊറേ കൊല്ലത്തേക്കുകൂടി പട്ടിണിയാകും.!

2005 സെപ്തംബർ മാസം: വരാപ്പുഴ സെന്റ് മേരീസ് പള്ളിയിൽ മാതാവിന്റെ പെരുന്നാൾ കൊടികയറി ഇരിക്കുന്ന സമയം..

അന്നംകുട്ടി ചേടത്തി ജിജുവിനെയും കൊണ്ട് പുഞ്ചക്കുഴിയിൽ അവൻ അപ്പന്റെ കടയിലേക്ക് ഓടുകയാണ്..ജിജു നെററിയുടെ സൈഡിൽ ഒരു കൈകൊണ്ടു പൊത്തിപ്പിടിചിട്ടുമുണ്ട് .. ജിജുവിനേം കൂട്ടിയുള്ള അന്നംകുട്ടി ചേടത്തിയുടെ ഓട്ടം കണ്ടു നാട്ടുകാരും ഒപ്പം കൂടി.. അന്തപ്പൻ ചേട്ടന്റെ പെട്ടിക്കട എത്തിയതോടുകൂടി അന്നകുട്ടി ചേടത്തിയുടെ കരച്ചിൽ അണപൊട്ടി..

“കണ്ടാ..നമ്മടെ മോന്റെ തല തല്ലിപ്പൊളിച്ചു വെച്ചേക്കണാത് കണ്ടാ മനുഷ്യാ...” അന്നംകുട്ടി ചേടത്തി അലമുറയിടാൻ തുടങ്ങി..

“ആരാടാ മോനെ..?ആരാടാ എന്റ മോന്റെ തലക്കിട്ടു അടിച്ചത്..?” ഇതും ചോദിച്ചു അന്തപ്പൻ ചേട്ടൻ പെട്ടിക്കടയിൽ ചാടി ഇറങ്ങി!

“അപ്പച്ചാ..റിപ്പർ..” ജിജു ഒരു ഞെരങ്ങിയ ശബ്ദം പുറപ്പെടുവിച്ചു..

“ങേ!ഹെന്ത്!റിപ്പറാ..?”..

പട്ടിണി കാരണം അന്തപ്പൻ ചേട്ടന്റെ അകതോട്ടുതള്ളിപ്പോയ രണ്ടു കണ്ണുകളും റിപ്പർ എന്ന് കേട്ടനിമിഷം പുറത്തേക്ക് തുറിച്ചുവന്നു!
അന്നംകുട്ടി ചേടത്തിയുടെ കരച്ചിൽ പടേന്ന് സ്റ്റോപ്പ് ആയിട്ട് പകരം വാ പൊളിഞ്ഞു വന്നു ! സകലർക്കും നിന്ന നിൽപ്പിൽ രോമം തരിച്ചു! കൂടി നിന്നവരുടെ മുഖത്ത് പ്രകാശം .! റിപ്പർ വരാപുഴയിൽ എത്തിയിരിക്കുന്നു.. കൂടി നിന്നവരെല്ലാം വന്നിട്ട് “മോനെ ജിജൂ..കലക്കിയടാ ..” എന്നാ രീതിയിൽ പുറത്തൊക്കെ തട്ടിയിട്ടു പോയി.!വരുന്നവരെല്ലാം അന്തപ്പൻ ചേട്ടനെ നോക്കിയിട്ട് “ചേട്ടാ,നമ്മക്കും ചെലവു വേണോട്ടാ..” എന്നാ രീതിയിൽ തലയൊന്നു ആട്ടും..അതുകണ്ട അന്തപ്പൻ ചേട്ടൻ “നമ്മക്ക് ശേരിയാക്കാന്നെ” എന്നാ രീതിയിൽ തിരിച്ചും തലയാട്ടി ഒരു കണ്ണ്ഒക്കെ ഇറുക്കിക്കാണിച്ചു ആകെ വണ്ടറടിച്ചു നിൽക്കുന്നു!

അന്തപ്പൻ ചേട്ടൻ പിന്നെ ഒരു നിമിഷം ആലോചിച്ചു നിന്നില്ല.!അവിടെ കാഴ്ച്ചേം കണ്ടുനിന്ന ഏതോ ഒരുത്തന്റെ സൈക്കിളും വാങ്ങി ജിജുവിനെ ബ്യാക്കിൽ ഇരുത്തി ഒരു പാച്ചിൽ! പയ്യനെ ആശൂത്രിയിൽ കാണിക്കാൻ കൊണ്ടുപോവുകായിരിക്കും എന്ന് കരുതിയവർക്ക് തെററി! ഞങ്ങടെ അവിടെ നടക്കുന്ന അനധികൃത മണൽവാരൽ-പോലീസ് ഒത്തുകളി റിപ്പോർട്ട് ചെയ്യാൻ വേണ്ടി കള്ളപ്പേരിൽ വാടകവീട്ടിൽ താമസിക്കുന്ന ഒരു മനോരമ റിപ്പോർട്ടർ ഉണ്ടായിരുന്നു,മനോരമയിൽ ആണ് കള്ളപ്പേര് ആണ് എന്നൊക്കെ വരാപ്പുഴക്കാര് അറിഞ്ഞത് പുള്ളി അവിടത്തെ ഏതോ പെണ്ണ്കേസിൽ പെട്ട് നാട്ടുകാര് കുനിച്ചുനിർത്തി റിപ്പോർട്ട് എടുത്തപ്പോഴാണ്.!വരാപുഴയെ മനോരമ വഴി ഹിററ് ആക്കിക്കൊള്ളാം എന്ന് പുള്ളിയെകൊണ്ട് ഇടിച്ചു പ്രോമിസ് ചെയ്യിപ്പിച്ചതിനു ശേഷം മണൽവാരൽ ഒഴിച്ച് ബാക്കിയെല്ലാം പുള്ളി നല്ല വൃത്തിയായി പത്രത്തിൽ കൊടുത്തിരുന്നു! റിപ്പർ എന്നൊക്കെ കേട്ടാൽ പുള്ളി മനോരമയിൽ കവിത എഴുതി മരിക്കും! അന്തപ്പൻ ചേട്ടൻ ജിജുവിനെയും കൊണ്ട് ചെന്ന് ഒരു മഹാകാവ്യത്തിനുള്ള സംഗതികൾ കയ്യീന്ന് ഇട്ടു റിപ്പർ ആക്രമണത്തിന്റെ വിവിധഘട്ടങ്ങൾ എന്നൊക്കെ പറഞ്ഞു ഒരു രേഖചിത്രം വരയ്ക്കുന്നതിനും വേണ്ടിയുള്ള നാലഞ്ചു ഫോട്ടോസും എടുപ്പിച്ചു തിരിച്ചു പോന്നു!

ഞാനും ബാക്കി പരപ്പിലെ ലോക്കൽ കൂതറകളും സംഭവം അറിഞ്ഞു അന്തപ്പൻ ചേട്ടന്റെ വീട്ടിലേക്ക് ഓടി ചെന്നപ്പോഴേക്കും ഒരു പള്ളിപ്പെരുന്നാളിനു കൂടാൻ ഉള്ള ജനം അവിടെ നിൽക്കുന്നുണ്ട്!ഇതിനിടയ്ക്ക് അതി ഭീകരവും കരളലിയിപ്പിക്കുന്നതുമായ പല കഥകളും നാട്ടുകാർ

അടിച്ചിറക്കി കഴിഞ്ഞു! ജിജുവിനെ ഒരു വെള്ളേംവെള്ളേം ഒക്കെ ഇടീച്ചു തലമുടിയൊക്കെ സൈടിലെക്കൊക്കെ ചീവി വീടിന്റെ മുൻവശത്ത് കൊണ്ടുവന്നു ഇരുത്തിയിട്ടുണ്ട്.!തലയിൽ ഒരു കെട്ടും പിന്നെ സൈഡിൽ ഒരു "റിപ്പർ ദുരിതാശ്വാസ സഹായനിധി " എന്നൊക്കെ എഴുതി ഒട്ടിച്ച ബക്കറ്റും ! കൊറേ തള്ളമാർ ഒന്നും മിണ്ടാതെ ജിജുവിനേം നോക്കി നെടുവീർപ്പിട്ടു നിൽക്കുന്നു!

അന്നേരം ആണ് റോഡിൽ പോലീസ്ജീപ്പ് ആഞ്ഞു ചവിട്ടിയ സൌണ്ട് കേട്ടത്!ജീപ്പിൽ നിന്ന് എസ്സൈ ഷൺമുഗൻ ചാടിഇറങ്ങിയത് കണ്ടപാടെ അവിടെ നിന്നിരുന്ന കൊറേ എണ്ണങ്ങൾ ഒരു ആവശ്യവും ഇല്ലാതെ ഓടിക്കളഞ്ഞു!ലോവേസ്റ്റും ഇറക്കംകുറഞ്ഞ ഷർട്ടും ഒക്കെഇട്ടു വെള്ള ഷഡ്ഡിയും കാട്ടി ലോക്കൽ യോയോകൾ എസ്സൈയെ കണ്ടപ്പാടെ ജീൻസ് കയറ്റി ഇട്ടു! പണ്ടൊരുത്തനെ ലോ വേസ്റ്റ് ഇട്ടു ഷഡ്ഡി കാണിച്ചെന്ന കേസും പറഞ്ഞു ചന്തക്കവലയിൽ ഷർട്ട് ഊരിപിടിച്ചു നിന്നോളാൻ പറഞ്ഞ മനുഷ്യൻ ആണ് എസ്സൈ ഷൺമുഗൻ!പുള്ളിക്ക് കലിവരുന്ന വഴികൾ മിക്ക വരാപ്പുഴക്കാർക്കും ഇപ്പൊ കാണാപ്പാടം ആണ്.!

റിപ്പർ ഇടിച്ചവന്റെ അപ്പൻ ഞാനാണ് എന്നാ മുഖഭാവത്തോടെ ചിരിച്ചു നിന്ന അന്തപ്പൻ ചേട്ടനോട് "ഇങ്ങോട്ട് മാറി നിക്കടാ" ന്നു എസ്സൈ പറഞ്ഞതോടെ പുള്ളി മാനസികമായി തകർന്നു വളഞ്ഞു കൂനിനിന്നു ! ജിജു ഒടനെ കസേരയിൽ നിന്ന് ചാടി എണീച്ചു..!അന്നംകുട്ടി ചേടത്തി പെരയ്ക്ക് അകത്തോട്ടോടി!

"എന്താടാ ഉണ്ടായത്?..സത്യം പറയടാ.?" ഷണ്മുഖൻ ആസ് യൂഷ്വൽ അലറലോടലറൽ..

"സാറെ..ഇവൻ ആ കുരിശുംതോട്ടി കഴിഞ്ഞുള്ള വളവു കഴിഞ്ഞപ്പ ഒരു റിപ്പര് ചാടിവന്നു ഇവന്റെ തലക്കിട്ടു ചുററിക വെച്ച അടിച്ചു.. ഇവന്റെ പോക്കററിൽ ഉണ്ടാർന്ന നൂറിന്റെ നോട്ടും എടുത്തു ഓടിക്കളഞ്ഞു സാർ..പള്ളിപ്പെരുന്നാളിനു ചുമ്മാ പോക്കെററിൽ ഇട്ടോ,ചെലവാക്കരുതെന്നു ഞാൻ പത്ര്യകം പറഞ്ഞിട്ട് കൊടുത്തയച്ച കാശായിരുന്നു സാറേ.." അന്തപ്പൻ ചേട്ടൻ ഒററ ശ്വാസത്തിൽ പറഞ്ഞു തീർത്തു..

"ഫ!പെല്ലിസാണ്ടി മോനെ..ഞാൻ ഇവനോടല്ലേ ചോദിച്ചത്.." വീണ്ടും അലർച്ച !

ജിജു നിന്ന് മുട്ടുകൂട്ടിയിടിച്ചു വിറക്കുകയാണ്..

"ചുററിക വെച്ചാണോഡാ നിന്നെ റിപ്പർ ആക്രമിച്ചത്..എന്നിട്ട് അതിനുള്ള പരിക്ക് ഒന്നും കാണാൻ ഇല്ലല്ലോടാ..ആ തലയിലെ കെട്ടൊന്നു അഴിച്ചേ.."
വെറും ഒരു നൂറു രൂപയ്ക്ക് വേണ്ടി കൊച്ചു പയ്യന്റെ തല ചുററിക വെച്ച് അടിച്ചു പൊളിക്കാൻ വേണ്ടി മാത്രം മണ്ടൻ ഒന്നും ആയിരിക്കില്ല റിപ്പർ! എസ്സൈ ഷണ്മുഖന്റെ ഉള്ളിലെ കേരള പോലീസ് ഉണർന്നു..

റിപ്പർ അടിച്ചിട്ട് തലപൊട്ടി തലച്ചോറ് വെളിയിൽ വന്നിരിക്കുന്നത് കെട്ടിവെച്ചെക്കുവാണെന്നാണ് നാട്ടിൽ ഇറങ്ങിയിരിക്കുന്ന കഥ!എസ്സൈ വന്നിട്ട് ജിജുവിന്റെ തലയിലെ കെട്ടഴിച്ചാൽ കാണാൻ പോകുന്ന കാഴ്ച്ചയെ ആദ്യം തന്നെ മനസ്സിലൂഹിച്ചു ഫ്രെണ്ടിൽ നിന്ന ഒരു ചേടത്തി ബോധംകെട്ടു വീണു..!

എസ്സൈ ഒന്ന് പേടിപ്പിച്ചപ്പോ അന്തപ്പൻ ചേട്ടൻ ജിജുവിന്റെ തലയിലെ കെട്ടു അഴിച്ചു! ചെറുതായി ഒന്ന് തൊലി പോയിട്ടുണ്ട്..

"ഇതാണോടാ..ചുററികയ്ക്ക് ഇടിച്ച സ്ഥലം?" അലർച്ച !

"സാറേ ..കല്ല് വെച്ചാണ് റിപ്പര് എന്നെ ഇടിച്ചത്.." ജിജു മോങ്ങലിന്റെ വക്കിൽ എത്തി..

“കല്ലാ..എന്ത് കല്ല്? ഡാ..മോനെ..എന്താ നടന്നതെന്ന് മര്യാദയ്ക്ക് പറഞ്ഞോ? അല്ലെങ്കി നിന്നെ ഇടിച്ചു തല പൊളിക്കുന്നത് ഞാൻ ആയിരിക്കും..ആ നൂറു രൂപ നീ എന്ത് ചെയ്താടാ..?”

“സാറേ..എന്നെ ഒന്ന് ചെയ്യല്ലേ..ഞാൻ ആ പൈസ എടുക്കാൻ വേണ്ടി പറഞ്ഞുണ്ടാക്കിയതാ സാറേ !!
നൂറു രൂവ എന്റെ ഇൻസ്ട്രുമെന്റ് ബോക്സിന്റെ ഉള്ളിൽ വെച്ചിട്ടുണ്ട്..
തലയിൽ കല്ല് വെച്ച് ഇടിച്ചത് ഞാൻ തന്നെയാണ്..” ജിജു മോങ്ങാൻ ആരംഭിച്ചു..

മോൻ പറഞ്ഞ കഥ കേട്ട് അന്തപ്പൻ ചേട്ടൻ തലയ്ക്കു കയ്യും കൊടുത്തു കുന്തംകാലിൽ നിലത്തു ഇരിപ്പായി! എസ്സൈ ഷണ്മുഖൻ തിരിഞ്ഞു നിന്നിട്ട് “കണ്ടാ കണ്ടാ സിമ്പിൾ ആയിട്ട് പൊക്കിയത് കണ്ടാ ” എന്നാ മുഖഭാവവുമായി നാട്ടുകാരെ മൊത്തം ഒന്ന് നോക്കി ! വരാപ്പുഴയിൽ റിപ്പർ ഇതുവരെ ഇല്ലാ എന്നാ സത്യം മനസ്സിലാക്കിയ നാട്ടുകാർ വിങ്ങുന്ന ഹൃദയത്തോടെ അവരവരുടെ വീട്ടിലേക്ക് പോയി..

അന്ന് മുതൽ ജിജുവിനു പേര് വീണു..റിപ്പർ ജിജു.. വിളിച്ചു വിളിച്ചു ലോപിച്ച് അവസാനം റിപ്പറിജു ആയി മാറി.!